8282
13/7/15

കേരള സർക്കാർ
സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - കേരള സാമൂഹ്യസുരക്ഷാ മിഷൻ വയോമിത്രം പദ്ധതി 2015 - 16 വർഷത്തെ ബഡ്ജറ്റ് വിഹിതം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

**സാമൂഹ്യനീതി (സി) വകുപ്പ്**

സ.ഉ.(സാധാ) നം.412/2015/സാനീവ. തീയതി, തിരുവനന്തപുരം, 29.06.2015

================================================================

പരാമർശം : കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 8.4.2015 ലെ പി1/2711/15/കെ.എസ്.എസ്.എം നമ്പർ കത്ത്.

**ഉത്തരവ്**

65 വയസ്സിന്മേൽ പ്രായമുള്ളവരുടെ ആരോഗ്യപരിരക്ഷ ഉറപ്പ് വരുത്തുന്നതിന് വേണ്ടി കോർപ്പറേഷൻ/മുനിസിപ്പൽ നഗരസഭ പ്രദേശങ്ങളിൽ മൊബൈൽ ക്ലിനിക്, പാലിയേറ്റീവ് കെയർ, ഹെൽപ്പ് ഡെസ്ക്, കൗൺസിലിംഗ് സേവനം എന്നീ സൗകര്യങ്ങൾ ലഭ്യമാക്കുന്ന വയോമിത്രം പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതിയുടെ തുടർ നടത്തിപ്പിനായി 2015 - 16 വർഷ ബഡ്ജറ്റിൽ 2235-60-200-72 (07)(പി) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 4.89/- കോടി രൂപയും 2235-60-200-72 (17) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള ഒറ്റത്തവണ കേന്ദ്രസഹായമായ 3.11/- കോടി രൂപയും കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള Spl. T.S.B A/c No. 15146-ൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിന് അനുമതി നൽകണമെന്ന് പരാമർശ കത്തുപ്രകാരം കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന വയോമിത്രം പദ്ധതിയുടെ തുടർ നടത്തിപ്പിലേയ്ക്കായി ഭരണാനുമതിയും 2015 - 16 സാമ്പത്തിക വർഷ ബഡ്ജറ്റിൽ 2235-60-200-72 (07)(പി) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 4.89/- കോടി (നാല് കോടി എൺപത്തിയൊൻപത് ലക്ഷം രൂപ മാത്രം) കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള Spl. T.S.B A/c No. 15146-ൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിന് സാമൂഹ്യനീതി വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകിയും ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**എ. ഷാജഹാൻ**

സ്പെഷ്യൽ സെക്രട്ടറി

സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ, പൂജപ്പുര, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്.
സാമൂഹ്യനീതി (എ) വകുപ്പ്.
വെബ് & ന്യൂ മീഡിയ വിഭാഗം, ( വെബ്സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിന് വേണ്ടി).
കരുതൽ ശേഖരം/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ